ചിട്ടി ഫീസുകൾ 18-12-2013-ലെ ജി.ഒ(പി) നമ്പർ 209/2013/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചുവെങ്കിലും ടി ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ വർദ്ധനവ് നിലവിൽ വന്നിട്ടില്ല.

29-3-2012-ലെ ജി.ഒ. (പി) 8/12/Law, 26-11-2013-ലെ G.O. (P) 7/ 2013/ Law നമ്പർ ഉത്തരവുകൾ പ്രകാരം 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവിധ സേവനങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിച്ചു.

27-4-2013-ലെ ജി.ഒ. (പി) നമ്പർ 88/2013/റ്റി.ഡി. നമ്പർ വിജ്ഞാപന പ്രകാരം രജിസ്ട്രേഷൻ ഫീസ് പട്ടിക പ്രകാരമുള്ള വിവിധ സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തിയിട്ടുള്ള നിരക്കുകൾ അനുബന്ധം I-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

2014-15 സാമ്പത്തിക വർഷം 8-10-2014-ലെ ജി.ഒ.(പി) നമ്പർ 172/ 2014/റ്റി.ഡി. നമ്പർ നോട്ടിഫിക്കേഷനിലൂടെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ദാനം, ഒഴുമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 1% എന്നതിന് വിധേയമായി പരമാവധി 25000 രൂപ എന്നത് ഒഴിവാക്കി വിലയുടെ 1% ആയി ഭേദഗതി വരുത്തി. അവശേഷിക്കുന്ന വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

ലാസ്റ്റ് ഗ്രേഡ് തസ്തികകൾ സൂപ്പർ ന്യൂമററിയായി ക്രിയേറ്റ് ചെയ്യുന്നതിനുള്ള നടപടി

12 (3643) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ലാസ്റ്റ് ഗ്രേഡ് തസ്തികകൾ സൂപ്പർ ന്യൂമററിയായി ക്രിയേറ്റ് ചെയ്ത്, നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിലെ ഉദ്യോഗാർത്ഥികൾക്ക് അവസരം നൽകുന്നതിനുള്ള തീരുമാനം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

പ്രസ്തുത വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പുതുതായി ആരംഭിച്ച കമ്മീഷനുകളും, കോർപ്പറേഷനുകളും

13 (3644) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം കമ്മിഷനുകളും സർക്കാർ ധനസഹായത്തോടുകൂടിയുള്ള സ്ഥാപനങ്ങളും കോർപ്പറേഷനുകളും പുതുതായി ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്രകാരം പുതുതായി ആരംഭിച്ച സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റായി നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പൊതുഭരണ വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന കമ്മീഷനുകളും സ്ഥാപനങ്ങളും രൂപീകരിച്ചിട്ടുണ്ട് :

കോർപ്പറേഷനുകൾ :

1. കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

2. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ

കമ്മീഷനുകൾ:

കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമകമ്മീഷൻ എന്ന പേരിൽ ഒരു കമ്മിഷൻ രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

11-3-2013-ലെ സ.ഉ.(എം എസ്)നമ്പർ 67/2013/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന മുന്നോക്ക സമുദായ കമ്മിഷൻ രൂപീകരിച്ച് ഉത്തരവായെങ്കിലും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

മറ്റു വകുപ്പുകളുടെ കീഴിൽ പുതുതായി ആരംഭിച്ച കോർപ്പറേഷനുകൾ, കമ്മീഷനുകൾ എന്നിവയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) കേരള സംസ്ഥാന മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷന് നാളിതുവരെയായി 14.795 കോടി രൂപ നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് നാളിതുവരെ 2 കോടി 38 ലക്ഷം രൂപ ഗ്രാന്റായി നൽകിയിട്ടുണ്ട്. മറ്റു വകുപ്പുകൾക്കു കീഴിലെ പുതുതായി രൂപീകരിച്ച സ്ഥാപനങ്ങൾക്ക് നൽകിയ ഗ്രാന്റ് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

പൊതുമേഖല-സ്വയംഭരണ സ്ഥാപനങ്ങളിലെ പരസ്യങ്ങൾ

14 (3645) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖല-സ്വയംഭരണ സ്ഥാപനങ്ങൾ എത്ര രൂപയുടെ പരസ്യങ്ങൾ നൽകിയിട്ടുണ്ട് ;

(ബി) ഏതൊക്കെ പത്രങ്ങൾക്ക് എത്ര രൂപ വീതം ഈ ഇനത്തിൽ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly